ചെറുകഥ

# നാടകം

## സാംജീവ്

### 1

പേരക്കുട്ടിക്ക് നാടകത്തിന് ഒന്നാം സമ്മാനം കിട്ടി. ചാക്കോരുമാസ്റ്റർക്കും ഭാര്യ ഏലിയാമ്മ ആശാട്ടിക്കും വലിയ സന്തോഷമായി. ആൽബർട്ടാ ഹൈസ്ക്കൂളിൽ കളിച്ച നാടകത്തിനാണ് കൊച്ചുമോന് സമ്മാനം കിട്ടിയത്.

അഭിമാനപുളകിതനായ ചാക്കോരുമാസ്റ്റർ പറഞ്ഞു.

“അത് അവന് പരമ്പരാഗതമായി കിട്ടിയ സിദ്ധിയാണ്. എന്റെ മുത്തച്ഛൻ വലിയ നാടകനടനായിരുന്നു. നാടകം കളിക്കാൻവേണ്ടി അദ്ദേഹത്തിന്റെ മുടി വളർത്തിയിരുന്നതായി കേട്ടിട്ടുണ്ട്. മാത്രമല്ല, അദ്ദേഹം നല്ലൊരു കഥകളിനടനുമായിരുന്നു. അദ്ദേഹത്തിന്റെ കഥകളി മുദ്രകൾ ലോകപ്രസിദ്ധമായിരുന്നു.

ഭർത്താവിന്റെ പൊങ്ങച്ചം ഏലിയാമ്മ ആശാട്ടിക്ക് ഇഷ്ടപ്പെട്ടില്ല.

അവർ പ്രതികരിച്ചു.

“നിങ്ങടെ മുത്തച്ഛൻ കഥകളിനടനായിരുന്നു പോലും. കഥകളി ക്ഷേത്രകലയാണ്. അത് ക്രൈസ്തവർക്ക് പറഞ്ഞിട്ടൊള്ളതല്ല. ചുമ്മാതല്ല,.............”

ഏലിയാമ്മ ആശാട്ടി അവസാന വാചകം പൂർത്തിയാക്കിയില്ല. എന്നാൽ പൂർത്തിയാക്കാത്ത വാചകത്തിൽ ഒരു കുത്തുവാക്കുണ്ടായിരുന്നു. തരംപോലെ കുത്തുവാക്കുകൾ പ്രയോഗിക്കാൻ ഏലിയാമ്മ ആശാട്ടിക്ക് പ്രത്യേക കഴിവുണ്ട്.

സമുദായത്തിലെ ഒരു വലിയ പുരോഹിതന്റെ പൌത്രിയാണ് ഏലിയാമ്മ ആശാട്ടി. മതം അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ഒരു ഘടകമാണ്.

ചാക്കോരു മാസ്റ്ററുടെയും ഏലിയാമ്മ ആശാട്ടിയുടെയും അമ്പതാം വിവാഹവാർഷികം കഴിഞ്ഞ മാസമാണ് മക്കളും കൊച്ചുമക്കളും ഗംഭീരമായി ആഘോഷിച്ചത്. 'ഒള്ളതു' പറഞ്ഞാൽ വിവാഹത്തിന്റെ അമ്പത്തിരണ്ടാം വാർഷികത്തിലാണ് കനകജൂബിലി ആഘോഷിച്ചത്. കോവിഡ് കാരണം രണ്ടുവർഷം വിവാഹവാർഷികം ആഘോഷിക്കാൻ പറ്റിയില്ല. അതുകൊണ്ട് ഗുണമുണ്ടായി.

ഏലിയാമ്മ ആശാട്ടി തന്റെ യഥാർത്ഥ വയസ്സിൽ നിന്നും രണ്ടുവയസ്സ് കുറച്ചു. അപ്പോൾ ചാക്കോരുമാസ്റ്റർക്കും രണ്ട് വയസ്സ് കുറയ്ക്കേണ്ടി വന്നു. തല നരച്ചെങ്കിലും വയസ്സിൽ നിന്ന് രണ്ടുവർഷം വീതം വെട്ടിക്കുറച്ചപ്പോൾ നവയൌവ്വനം തിരിച്ച് കിട്ടിയതുപോലെ അവർക്ക് തോന്നി.

ഏലിയാമ്മ ആശാട്ടി കാലിഫോർണിയാ സംസ്ഥാനത്ത് സ്ഥിരവാസം ചെയ്യുന്ന പൊന്നനുജനെ വിളിച്ച് സന്തോഷവാർത്ത പങ്കിട്ടു.

"നീ അറിഞ്ഞോടാ എന്റെ പേരക്കുട്ടി ആൽബർട്ടാ ഹൈസ്ക്കൂളിലെ നാടകമത്സരത്തിന് ഒന്നാം സ്ഥാനം നേടിയത്?"

"ചേച്ചി, അത് നമ്മുടെ വഴിയിൽ അവന് കിട്ടിയ താലന്താണ്. ചേച്ചിക്ക് അതിൽ അഭിമാനിക്കാം."

പൊന്നനുജൻ പറയുന്നതിൽ കഴമ്പുണ്ട്. അയാൾ സാൻ ഹൊസേയിലെ നടരാജൻ ക്ലബ്ബിലെ അംഗമാണ്. നടരാജൻ ക്ലബ്ബിലെ സ്ത്രീവേഷം കെട്ടുകാരിൽ പ്രധാനിയാണ് പൊന്നനുജൻ.

പൊന്നമ്മനേഴ്സ് ഇന്ന് വെറും നേഴ്സല്ല, നേഴ്സ് പ്രാക്ടീഷണറാണ്. നേഴ്സ് പ്രാക്ടീഷണർ അരമുക്കാൽ ഡാക്ടർ ആണ് അമേരിക്കയിൽ. എന്നാൽ മലയാളി സമൂഹത്തിന് അവരിന്നും പൊന്നമ്മനേഴ്സാണ്.

"ഈ മലയാളികളെല്ലാം അസൂയക്കാരാ."

അല്ലെങ്കിൽ നേഴ്സ് പ്രാക്ടീഷണറെ നേഴ്സ് എന്ന് വിളിക്കുമോ?

പൊന്നമ്മനേഴ്സിന്റെ മകനാണ് അഭിനയത്തിന് സമ്മാനം നേടിയ മിടുമിടുക്കൻ. അപ്പോൾ ഏലിയാമ്മ ആശാട്ടിയുടെയും ചാക്കോമാസ്റ്ററുടെയും മരുമകളാണ് പൊന്നമ്മനേഴ്സ്. വീട് ഭരിക്കുന്നത് പൊന്നമ്മനേഴ്സാണ്. അതിന് കാരണവുമുണ്ട്. ഭവനത്തിൽ കാശുണ്ടാക്കുന്നത് പൊന്നമ്മനേഴ്സാണ്. ആംഗലഭാഷയിൽ ബ്രഡ് വിന്നർ (Bread winner) എന്ന് പറയും. വാക്കിലും ഭാവത്തിലും പ്രവർത്തിയിലും പൊന്നമ്മനേഴ്സിനെ വെല്ലാൻ ഇടവകയിൽ അധികം പേരില്ല. പള്ളിയിലെ സോദരീസമാജത്തിന്റെ സെക്രട്ടറിയാണ് പൊന്നമ്മനേഴ്സ്. പൂച്ചയെപ്പോലെ പമ്മിനടക്കുന്ന പൊന്നമ്മനേഴ്സ് പുലിയെപ്പോലെ ചാടുമെന്നാണ് ചില ആളുകൾ പറയുന്നത്.

ഒരിക്കൽ മുടിയിഴകളിൽ ചായം തേയ്ച്ച് പള്ളിയിൽ വന്ന പൊന്നമ്മനേഴ്സിനോട് ദോശാമ്മനേഴ്സ് പറഞ്ഞു.

“മോളേ, ഇങ്ങനെ മുടിക്ക് ചായം തേയ്ച്ച് വരണോ? നിനക്ക് എന്തുമാത്രം മുടിയാണ് ദൈവം തന്നിരിക്കുന്നത്! അത് ഇങ്ങനെ വെട്ടിക്കളഞ്ഞ് ചായം തേയ്ച്ച് വികൃതമാക്കിയത് നന്നായില്ല.”

അമ്പതുകൊല്ലം മുമ്പ് അമേരിക്കയിൽ വന്ന നേഴ്സാണ് ദോശാമ്മനേഴ്സ്. മാത്രമല്ല ചാക്കോരുമാസ്റ്ററുമായി ഒരു അകന്ന ബന്ധവും ദോശാമ്മനേഴ്സിനുണ്ട്. അതുകൊണ്ടുതന്നെ താരതമ്യേന നവാഗതയായ പൊന്നമ്മനേഴ്സിനെ ഉപദേശിക്കാനുള്ള യോഗ്യത തനിക്കുണ്ടെന്ന് ദോശാമ്മനേഴ്സ് വിചാരിച്ചു.

“എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം.”

തീർന്നില്ല, പൊന്നമ്മനേഴ്സിന്റെ അടുത്ത വാചകം ഇംഗ്ലീഷിലായിരുന്നു.

“Mind your own business “

“നീ നിന്റെ ജോലി നോക്കി പോടി.”

എന്നാണ് തനിമലയാളത്തിൽ ആ വാക്കുകളുടെ അർത്ഥം.

പൊന്നമ്മനേഴ്സിന്റെ ചാട്ടുളി പോലെയുള്ള വാക്കുകൾ ദോശാമ്മനേഴ്സിന്റെ കരളിൽ തറച്ചു.

ദോശാമ്മനേഴ്സും പൊന്നമ്മനേഴ്സും.

രണ്ട് കാലഘട്ടത്തിന്റെ പ്രതിനിധികളാണവർ. രണ്ട് തലമുറകളുടെ പ്രതീകങ്ങൾ. അവർ തമ്മിൽ വലിയ വിടവുണ്ട്. ജോൺ പോപ്പി എന്ന അമേരിക്കൻ എഴുത്തുകാരൻ ആ വിടവിനെ "തലമുറകളുടെ വിടവ്" എന്ന ഓമനപ്പേരിട്ട് വിളിച്ചു. "തല്ലുകൊള്ളിത്തരം" എന്നാണ് കറിയാ വല്യപ്പൻ ഒരിക്കൽ തലമുറകളുടെ വിടവിനെ വിവക്ഷിച്ചത്. അത് കറിയാ വല്യപ്പന്റെ ഭാഷയാണ്. നാട്ടിൻപുറത്തെ തനി മലയാളഭാഷ; ചെത്തി മിനുക്കാത്ത മലയാളം.

## 2

ദോശാമ്മനേഴ്സിന് അമേരിക്കൻ ജീവിതം ഒരു സമരമായിരുന്നു. തിരുവല്ലായിൽ നിന്ന് വയനാട്ടിലെത്തി കാട് വെട്ടിപ്പിടിച്ച് കൃഷിഭൂമിയാക്കിയ പൈലിച്ചേട്ടന്റെ മൂത്ത മകളാണ് ദോശാമ്മനേഴ്സ്. അവളുടെ ഔദ്യോഗിക നാമധേയം സൂസൻ പോൾ എന്നാണ്. പൈലിച്ചേട്ടന് അവൾ ദോശാമ്മയാണ്. പിന്നെ നാട്ടുകാരും ആ പേര് ഏറ്റെടുത്തു.

സമരങ്ങൾ കണ്ടാണ് ദോശാമ്മ വളർന്നത്.

കാടിനോടുള്ള മനുഷ്യന്റെ സമരം.

കാട്ടാനയോടും മറ്റ് വന്യമൃഗങ്ങളോടുമുള്ള സമരം.

മലമ്പനിയോടുള്ള സമരം.

പട്ടിണിയോടുള്ള സമരം.

കുടുംബത്തിന്റെ സാമ്പത്തികനില തകർത്ത നേഴ്സിംഗ് വിദ്യാഭ്യാസവും ദോശാമ്മയ്ക്ക് ഒരു സമരമായിരുന്നു.

സമരങ്ങൾ കണ്ടാണ്, സമരങ്ങളിലൂടെയാണ് അവൾ ദോശാമ്മനേഴ്സായി വളർന്നത്.

അതിജീവനത്തിന് വേണ്ടിയുള്ള ആ സമരങ്ങളിൽ മനുഷ്യപുത്രന്മാരും മനുഷ്യപുത്രിമാരും പങ്കെടുത്തു. ചിലർ ജയിച്ചു; ചിലർ തോറ്റു.

പൈലിച്ചേട്ടന്റെ ജീവിതസമരത്തിന്റെ തുടർച്ചയെന്നോണമാണ് ദോശാമ്മ അമേരിക്കയിലെത്തിയത്. കാടിനോട് പടവെട്ടിയ പൈലിച്ചേട്ടന്റെ ജീവിതകഥയുടെ ഒരു പുനരാഖ്യാനമായിരുന്നു അത്.

അമേരിക്കൻ വിസായ്ക്കുവേണ്ടി ആയിരം ഡോളർ കെട്ടിവച്ച് ദോശാമ്മയെ സ്പോൺസർ ചെയ്തത് ജോൺസൺ അങ്കിളാണ്. പൈലിച്ചേട്ടന്റെ അകന്ന ചാർച്ചയിൽപെട്ട ഒരാളായിരുന്നു ജോൺസൺ അങ്കിൾ. ആ അങ്കിളിനോടും ആന്റിയോടുമുള്ള കടപ്പാട് പറഞ്ഞ് തീർക്കാവുന്നതല്ല. അവരുടെ വീട്ടിൽ തന്നെ താമസിച്ച് ജോലിക്ക് പോകാൻ കഴിഞ്ഞത് ദോശാമ്മനേഴ്സിന് വലിയ ദൈവാനുഗ്രഹമായി.

ഒരിക്കൽ ദോശാമ്മ പറഞ്ഞു.

"എനിക്ക് ജോൺസൺ അങ്കിൾ ദൈവത്തെപ്പോലാ. എനിക്ക് ആന്റി വിശുദ്ധമാതാവിനെപ്പോലാ."

പക്ഷേ ജോൺസൺ ആന്റിക്ക് മറ്റ് ചില ഉദ്ദേശങ്ങൾ കൂടി ഉണ്ടായിരുന്നു.

ഒരു സന്ധ്യാവേളയിൽ കുടുംബസദസ്സിൽ ജോൺസൺ ആന്റി തട്ടിവിട്ടു.

"ഞാൻ നമ്മുടെ പഴയ ഒരു ഫോട്ടോ ആൽബം ഇന്നലെ മറിച്ചുനോക്കി. ഓമനക്കുട്ടന്റെ പടം കണ്ടു. നമ്മടെ ഓമനക്കുട്ടനും ദോശാമ്മയും നല്ല ചേർച്ച. ആങ്ങളപെങ്ങന്മാരെ പോലെയിരിക്കുന്നു. ഓമനക്കുട്ടനുവേണ്ടി ദോശാമ്മയെ ആലോചിച്ചാൽ എന്താന്ന് എനിക്കൊരാഗ്രഹം."

ഓമനക്കുട്ടൻ ജോൺസൺ ആന്റിയുടെ ഇളയ സഹോദരനാണ്, മുഴുക്കുടിയനും.

"അയ്യോ, ആന്റി, അതുവേണ്ടാ. എന്റെ കാര്യമൊക്ക ആന്റിക്കറിയാമല്ലോ. അപ്പന്റെ കടബാദ്ധ്യത ഒന്ന് തീർക്കണം. അതുമാത്രമേ എന്റെ മനസ്സിൽ ഇപ്പോഴുള്ളൂ."

ദോശാമ്മ പററഞ്ഞു.

“കടബാദ്ധ്യതയൊക്കെ അങ്ങ് തീരും പെണ്ണേ. അല്ല, ഞാൻ അറിയാണ്ട് ചോദിക്കുവാ. അപ്പന്റെ കടബാദ്ധ്യതയും അനിയത്തിമാരുടെ ഭാവിയുമൊക്കെ ഓർത്ത് നീ നിന്റെ ജീവിതം നശിപ്പിക്കാനാണോ പ്ലാൻ?”

“ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യണം.”

ജോൺസൺ അങ്കിൾ ഉപദേശിച്ചു.

“അങ്ങനെ പറഞ്ഞുകൊട് അച്ചായാ. നിത്യകന്യകയായി ജീവിച്ച് കുടുംബത്തിന് കറവപ്പശു ആയിട്ട് നില്ക്കാനാണോ നിന്റെ പ്ലാൻ?”

ജോൺസൺ ആന്റിയുടെ ചോദ്യത്തിൽ കുറ്റപ്പെടുത്തലും ഉപദേശവും കലർന്നിരുന്നു.

“അങ്കിളേ, ആന്റി, നിങ്ങൾക്ക് എന്റെ കഥ അറിയാമല്ലോ. അപ്പൻ സകലതും വിറ്റാ എന്നെ പഠിപ്പിച്ചത്. ഇനി പറക്കമുറ്റാത്ത രണ്ട് പെമ്പിള്ളാരുണ്ട്, എന്റെ അനുജത്തിമാർ. ഞാൻ എന്റെ കാര്യം മാത്രം നോക്കി വീടിനെ മറന്നാൽ അവരുടെ കാര്യം ആര് നോക്കും? ഇപ്പോൾ തന്നെ അരപ്പട്ടിണിയിലാ അവര് കഴിയുന്നത്.”

ദോശാമ്മയുടെ വാക്കുകൾ ജോൺസൺ ആന്റിക്ക് ഇഷ്ടപ്പെട്ടില്ല. രണ്ടുമൂന്ന് ദിനരാത്രങ്ങൾ കഴിഞ്ഞപ്പോൾ അവർ പറഞ്ഞു.

“ആയിരം ഡോളറിന്റെ ബാക്കി ഇനിയും കിടക്കുന്നു നൂറിലധികം ഡോളർ. ഇവിടെ ഡോളർ കായ്ക്കുന്ന മരമില്ല, നാട്ടുകാർക്കുവേണ്ടി ഉലുത്തിയിടാൻ.”

അധികം താമസിയാതെ ദോശാമ്മ ജോൺസൺ അങ്കിളിനോടും ആന്റിയോടും വിട പറഞ്ഞു.

അറ്റൻബറൊ അപ്പാർട്ട്മെന്റിലെ താമസം ക്ലേശകരമായിരുന്നു ദോശാമ്മനേഴ്സിന്.

മൂട്ടയും പാറ്റയും നിറഞ്ഞ അറ്റൻബറോ അപ്പാർട്ട്മെന്റിലെ കുടുസ്സുമുറി.

ആശുപത്രിയിൽ പതിനാറ് മണിക്കൂർ നിരന്തരമായ ജോലി.

ഉപ്പുചാക്ക് പോലെ ഭാരമുള്ള രോഗികളെ എടുത്ത് പൊക്കണം.

അവരെ കഴുകി ശുചിയാക്കണം.

മരുന്ന് കൃത്യസമയത്ത് കൊടുക്കണം.

കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരിക്കണം.

മഞ്ഞുപെയ്യുന്ന രാവുകൾ.

അസ്ഥി തുളച്ചുചെല്ലുന്ന തണുപ്പും കോടക്കാറ്റും.

ഇംഗ്ലീഷ് വേണ്ടവിധത്തിൽ പറയാനറിയില്ല.

ഡ്രൈവ് ചെയ്യാനറിയില്ല; കാറില്ല.

അർദ്ധരാത്രിയിലും വെളുപ്പാൻകാലത്തും മരം കോച്ചുന്ന തണുപ്പിൽ സിറ്റി ബസ്സ്സ്റ്റോപ്പിൽ കാത്തുനിന്ന ദിവസങ്ങൾ.

ചിലപ്പോൾ ബസ്സ് കിട്ടിയെന്ന് വരില്ല. ജീവനും മാനവും നഷ്ടപ്പെടാതിരുന്നത് മാതാപിതാക്കളുടെ പ്രാർത്ഥനയുടെ ഫലമാകാം. ദൈവം തമ്പുരാൻ കൈവിട്ടില്ല.

അറ്റൻബറോയിലെ മറ്റൊരു അപ്പാർട്ട്മെന്റിൽ താമസിക്കുന്ന ദാനിച്ചായനെ എത്രദിവസം അർദ്ധരാത്രികളിൽ വിളിച്ച് ഉണർത്തിയിട്ടുണ്ട്!

നാണമില്ലാതെ ഒരു റൈഡിനുവേണ്ടി എത്ര തവണ കെഞ്ചിയിട്ടുണ്ട്!

ദാനിച്ചായന് കാറുണ്ട്. അയാൾ ടാക്സിഡ്രൈവറായിരുന്നു.

വിടന്മാരായ ചില സഹപ്രവർത്തകരുടെ നോട്ടവും ഭാവവും അവഗണിച്ചു.

അഞ്ച് മിനിറ്റ് വൈകിയതിന് അഞ്ച് മണിക്കൂറിന്റെ ശമ്പളം നഷ്ടപ്പെട്ടത് നിരവധി തവണ.

വേദന പങ്കുവയ്ക്കാൻ ആളില്ല. പരാതി കേൾക്കാൻ ആളില്ല.

ചുറ്റുമുള്ളത് യന്ത്രങ്ങൾ മാത്രം. കണ്ണുനീരും നെടുവീർപ്പുമില്ലാത്ത യന്ത്രങ്ങളുടെ ലോകത്താണ് താൻ വന്നുചേർന്നത് എന്ന് ദോശാമ്മനേഴ്സിന് തോന്നി.

അത് അന്തക്കാലം. ദോശാമ്മനേഴ്സിന്റെ അതിജീവനത്തിന്റെ കഥയാണത്.

നാട്ടുകാർ പൈലിച്ചേട്ടനെ അസൂയയോടെ വീക്ഷിച്ചു.

അവർ പറഞ്ഞു.

“പൈലിച്ചേട്ടൻ ഭാഗ്യവാനാണ്. അയാളുടെ മകൾ അമേരിക്കയിലാ.”

“അവൾ അവിടെ ഡോളർ വാരുവല്ല്യോ.”

“അയാടെ മറ്റേ പെമ്പിള്ളാരും പോകാനൊരുങ്ങുകയാ. അവളുമാരുടെ കല്യാണവും ഉടനെ നടക്കുമെന്നാ കേട്ടത്.”

“അതെന്താ? ദോശാമ്മയ്ക്ക് കല്യാണമൊന്നും വേണ്ടേ?”

“ആർക്കറിയാം?”

“ദൈവം ഒരാളെ അനുഗ്രഹിച്ചാൽ ഇത്രയുമാകുമോ?”

പമ്പയും പെരിയാറും കേരളാംബയുടെ കണ്ണുനീർച്ചാലുകൾ പോലെ കവിഞ്ഞൊഴുകി പലതവണ.

ദോശാമ്മനേഴ്സ് അവളുടെ സഹോദരിമാരെ സ്പോൺസർ ചെയ്ത് അമേരിക്കാ എന്ന സ്വപ്നഭൂമിയിലേയ്ക്ക് കൊണ്ടുവന്നു.

സഹോദരിമാർ ഭർത്താക്കന്മാരെയും അവർ അവരുടെ ചാർച്ചക്കാരെയും കൊണ്ടുവന്നു.

സ്പോൺസർഷിപ്പിന്റെ കണ്ണികൾ നീണ്ടുനീണ്ടുപോയി. അമ്പതോ അറുപതോ കണ്ണികൾ ആ ശൃംഖലയിൽ ഉണ്ടെന്നാണ് ദോശാമ്മനേഴ്സ് പറയുന്നത്. നാല്പത്തെട്ടാമത്തെ കണ്ണിയാണത്രേ ചാക്കോരുമാസ്റ്റർ.

എന്നാൽ പൊന്നമ്മനേഴ്സ് ആ ചങ്ങലയുടെ കണ്ണിയല്ല. അവൾ ഇൻഡ്യയിൽ വച്ചുതന്നെ ആറെൻ (R.N) പരീക്ഷ ജയിച്ചുവന്ന മിടുക്കിയാണ്. അതുകൊണ്ട് അവൾക്ക് ദോശാമ്മനേഴ്സിന്റെ മുമ്പിൽ ഓച്ഛാനിച്ച് നില്ക്കേണ്ട ഒരു കാര്യവുമില്ല. പൊന്നമ്മനേഴ്സിന് അമേരിക്കയിലെ പതിനഞ്ചുകൊല്ലം ഒരു ജൈത്രയാത്ര ആയിരുന്നു. ഇന്ന് പൊന്നമ്മനേഴ്സ് നേഴ്സ് പ്രാക്ടീഷണർ ആണ്. അവൾ മുന്തിയ ഇനം കാറോടിച്ചാണ് പള്ളിയിൽ വരുന്നത്.

പൊന്നമ്മനേഴ്സിന്റെ കഴുത്തിൽ സ്റ്റെതസ്ക്കോപ്പ് എന്ന ഉപകരണം സദാ കിടന്നാടും, ശങ്കരാഭരണം പോലെ.

കഴുത്തിൽ തൂങ്ങിയാടുന്ന സ്റ്റെതസ്ക്കോപ്പ്.

അത് അംഗീകാരത്തിന്റെ ചിഹ്നമാണ്.

അത് വിജയത്തിന്റെ ചിഹ്നമാണ്.

അത് അന്തസ്സിന്റെ ചിഹ്നമാണ്.

പൊന്നമ്മനേഴ്സിന് അത് അണിയാം. അവൾ നേഴ്സ് പ്രാക്ടീഷണറാണ്. നേഴ്സ് പ്രാക്ടീഷണർ അരമുക്കാൽ ഡാക്ടറാണ് അമേരിക്കയിൽ.

## 3

മേക്കപ്പ് റൂമിൽ പൌഡർ ഇട്ടുകൊണ്ടിരുന്ന പൊന്നമ്മനേഴ്സ് അല്പം ഉച്ചത്തിൽ തന്നെ പിറുപിറുത്തു.

“ഓരോരുത്തരുടെ പൊങ്ങച്ചം. എന്റെ കൊച്ചിന് നാടകമത്സരത്തിന് സമ്മാനം കിട്ടിയതിന് അയാൾക്കാ പൊങ്ങച്ചം. മുതുമുത്തച്ഛൻ കഥകളി

നടനായിരുന്നുപോലും. ആ മുതുക്കന്റെ ജീൻസ് എന്റെ കൊച്ചിന് കിട്ടിയിട്ടുണ്ട് പോലും. എന്റെ സഹോദരൻ ഒന്നാന്തരം നടനായിരുന്നു നാട്ടിൽ. അവൻ കാളേജിൽ ആർട്സ് ക്ലബ്ബ് സെക്രട്ടറിയായിരുന്നു. സിനിമാക്കാര് വിളിച്ചതാ അവനെ.”

“എന്റെ കുടുംബക്കാരുടെ ജീൻസാ നിനക്ക് കിട്ടിയിരിക്കുന്നത്.”

ഓരത്ത് നിന്നിരുന്ന കൊച്ചുമോനോടായി പൊന്നമ്മനേഴ്സ് പറഞ്ഞു.

ചാക്കോരുമാസ്റ്ററാണ് പൊന്നമ്മനേഴ്സ് പരാമർശിച്ച ‘അയാൾ’.

അമേരിക്കൻ സംസ്ക്കാരത്തിൽ ശ്വശുരൻ ഒരു ബന്ധുവല്ല.

ശ്വശ്രു അമ്മയുമല്ല.

അമേരിക്കൻ സംസ്ക്കാരം തലയ്ക്ക് പിടിച്ച വനിതയാണ് പൊന്നമ്മനേഴ്സ്.

വീട്ടിലെ നാടകരംഗങ്ങൾ നിരീക്ഷണം ചെയ്തുകൊണ്ടിരുന്ന കൊച്ചുമോൻ പറഞ്ഞു.

“അമ്മേ, ഈ വീട്ടിൽ എല്ലാവരും നടീനടന്മാരാണ്. ഈ വീട് ഒന്നാന്തരം നാടകശാലയുമാണ്. നിങ്ങളുടെ എല്ലാവരുടെയും ‘ജീൻസ്’ ആണ് എനിക്ക് കിട്ടിയിരിക്കുന്നത്.

അപ്പച്ചൻ ഒന്നാന്തരം നടനാ. ഞായറാഴ്ചകളിൽ അപ്പച്ചന്റെ പള്ളീലെ പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്.

നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കണമെന്ന് കർത്താവിന്റെ ഗിരിപ്രഭാഷണത്തെ ആസ്പദമാക്കി അപ്പച്ചൻ പറഞ്ഞ തകർപ്പൻ പ്രസംഗം ഓർമ്മയുണ്ടോ?

അമ്മച്ചിയുടെ ചാർച്ചയിലുള്ള ഒരു അങ്കിൾ ഒരിക്കൽ തൊഴിൽ അന്വേഷിച്ച് നമ്മുടെ വീട്ടിൽ താമസിച്ചത് ഓർമ്മയുണ്ടോ?

അന്ന് ആ അങ്കിളിന് ഈ വീട്ടിൽ നിന്നും കൊടുത്തത് നിന്ദച്ചോറായിരുന്നു. അന്യരാജ്യത്ത് തൊഴിൽ കിട്ടാതെ വലഞ്ഞ അയാളെ പട്ടിയെപ്പോലെയാണ് നിങ്ങൾ കരുതിയത്. അമ്മച്ചിയുടെ ചാർച്ചക്കാരനായതുകൊണ്ട് അമ്മച്ചി മാത്രം അല്പം ദയ കാണിച്ചു.

മമ്മിയുടെ ഏറ്റവും വലിയ ശത്രുക്കൾ അപ്പച്ചനും അമ്മച്ചിയുമാണ്. പള്ളിയിൽ ചെല്ലുമ്പോൾ നിങ്ങളെല്ലാം ഒന്നാന്തരം ആത്മീയരാണെന്ന് അഭിനയിക്കും. നിങ്ങളുടെയെല്ലാം ജീൻസ് ആയിരിക്കണം എനിക്ക് കിട്ടിയത്."

കൊച്ചുമോൻ പറഞ്ഞു നിറുത്തിയില്ല. അയാൾ തുടർന്നു.

"ഒരിക്കൽ അച്ഛമ്മയുടെ കവിളിൽ അടിക്കാൻ മമ്മി കൈയുയർത്തിയത് ഞാൻ കതകിന് മറഞ്ഞുനിന്ന് കണ്ടതാണ്. ഞാൻ പേടിച്ചുപോയി. അതുകഴിഞ്ഞ് പ്രയർലൈനിൽ (Prayer line) മമ്മി ഒരു മണിക്കൂർ പ്രസംഗം. ഏറ്റവും നല്ല നടിക്കുള്ള ഓസ്കാർ അവാർഡ് ജസ്സിക്കാ ചാസ്റ്റയിനല്ല മമ്മിക്കാണ് തരേണ്ടത്."

പൊന്നമ്മനേഴ്സ് ഇളകിയാടി. കൊച്ചുമോന്റെ മുതുമുത്തച്ഛന്റെ 'ചുവന്ന താടി' എന്ന കഥകളി വേഷത്തെക്കാൾ ഗംഭീരമായിരുന്നു അത്.